ഉത്തരം

(എ) ഇല്ല. എന്നാൽ 2005 നവംബർ 23ാം തീയതികളിൽ നടന്ന കളക്ടർമാരുടെ യോഗത്തിൽ സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ റോഡ്, കായൽ, വനം എന്നിവയിൽ ഒരു മാസം വരെ പഴക്കമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും വളരെ പഴക്കമുള്ള കയ്യേറ്റങ്ങളിൽ ഉടനേ നടപടി വേണ്ടെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1957-ലെ കേരള ഭൂ സംരക്ഷണ നിയമത്തിൽ 11(3)-ാം വകുപ്പിൽ ഇതിനുള്ള വ്യവസ്ഥയുണ്ട്. ആവശ്യമുള്ളപ്പോൾ അതനുസരിച്ച് നടപടിയെടുക്കുന്നുണ്ട്.

(സി) 31-12-2005 വരെ ലഭ്യമായ കണക്കുകൾ പ്രകാരം 6082 കേസുകൾ തീർപ്പാക്കാനുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) തൃശ്ശൂർ ജില്ലയിൽ 884 അപേക്ഷകളും കാസർഗോഡ് ജില്ലയിൽ 2561 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമി

134 [1073] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, എം. വി. ജയരാജൻ :
,, കെ. രാധാകൃഷ്ണൻ :
,, മത്തായി ചാക്കോ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് ഏതെല്ലാം ജില്ലകളിലെ ഉദ്യോഗസ്ഥന്മാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് :

(ബി) എത്ര ഹെക്ടർ ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് : എത്ര ഹെക്ടർ ഭൂമി ഈ ആവശ്യത്തിനായി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് :

(സി) ഇതുവരെ ഏതെല്ലാം ജില്ലകളിൽ എത്ര ഹെക്ടർ ഭൂമി വീതം ആദിവാസികൾക്കായി വിതരണം ചെയ്തിട്ടുണ്ട് :

(ഡി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമി കണ്ടെത്തുന്ന ജോലി എന്നത്തേക്ക് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ആദിവാസി പുനരധിവാസ മിഷനാണ് ഇത് സംബന്ധിച്ചുള്ള ചുമതല നിർവ്വഹിക്കുന്നത്.

(ബി) 9589.1698 ഹെക്ടർ ഭൂമി കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 17524.874 ഹെക്ടറോളം ഭൂമി ഈ ആവശ്യത്തിനായി വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം-44.7269 ഹെക്ടർ, കോട്ടയം-7.6410 ഹെക്ടർ, ആലപ്പുഴ-3.2018 ഹെക്ടർ, ഇടുക്കി-640.8907 ഹെക്ടർ, എറണാകുളം-5.2631 ഹെക്ടർ, തൃശ്ശൂർ-2.2996 ഹെക്ടർ, പാലക്കാട്-1.7976 ഹെക്ടർ, മലപ്പുറം-77.7991 ഹെക്ടർ, കോഴിക്കോട്-201.61 ഹെക്ടർ, വയനാട്-962.75 ഹെക്ടർ, കണ്ണൂർ-118.6234 ഹെക്ടർ, കാസർഗോഡ്-20.2429 ഹെക്ടർ.

(ഡി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി കണ്ടെത്തുന്ന ഭൂമികൾ പലതും പിന്നീട് വിവിധ കാരണങ്ങളാൽ വിതരണത്തിന് ലഭ്യമാകാതെ വരുന്നതിനാൽ ആദിവാസികൾക്ക് വിതരണത്തിനായി കൂടുതൽ ഭൂമി കണ്ടെത്തുന്ന ജോലി പൂർത്തിയാക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കാൻ പ്രയാസമാണ്.

പട്ടയം ലഭ്യമാക്കുന്നതിന് നടപടി

135 [1074] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനു വേണ്ടി എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പ് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർകോഡ് ജില്ലയിൽ കാസർകോഡ് താലൂക്കിൽ 1647 അപേക്ഷകളും ഹോസ്ദുർഗ്ഗ് താലൂക്കിൽ 914 അപേക്ഷകളും ഉൾപ്പെടെ ആകെ 2561 അപേക്ഷകൾ പട്ടയം ലഭിക്കുന്നതിനായി നിലവിലുണ്ട്.

(ബി) മേൽ അപേക്ഷകളെല്ലാം തന്നെ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ അപേക്ഷകളിൽ അന്വേഷണം പൂർത്തിയാകുന്ന ക്രമത്തിൽ അർഹതയുള്ള കേസുകളിൽ പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

മിച്ചഭൂമി വിതരണം

136 [1075] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ മിച്ചഭൂമി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കുമോ ;

(ബി) പുതുതായി 2001 ജൂൺ 1 മുതൽ 2005 ജനുവരി 31 വരെ മിച്ചഭൂമിക്ക് വേണ്ടി എത്ര അപേക്ഷകളാണ് കിട്ടിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര പേർക്ക് മിച്ചഭൂമി വിതരണം ചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly